(ബി) മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ പണി താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(സി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിക്കുന്ന മുറക്ക് പണികൾ ആരംഭിക്കുന്നതാണ്.

അങ്ങാടിപ്പുറം-ചെറുകര റോഡിന്റെ പണി

86(521) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വിഭാവനം ചെയ്തിരുന്ന അങ്ങാടിപ്പുറം-ചെറുകര റോഡ് സ്റ്റേറ്റ് ഹൈവേയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഈ റോഡിന് 2000-2001 വർഷത്തിൽ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഈ റോഡ് പണിക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ആർക്കാണ് കരാർ ജോലി ഉറപ്പിച്ച് കൊടുത്തിട്ടുള്ളത് ;

(ഇ) എസ്റ്റിമേറ്റിന്റെ 20% എങ്കിലും ബഡ്ജറ്റ് വകയിരുത്തിയാലേ പണി ടെണ്ടർ ചെയ്യാവൂ എന്ന നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്ന് ഉണ്ടായിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആയത് പാലിച്ചിട്ടുണ്ടോ ;

(ജി) ഈ റോഡ് നിർമ്മിക്കാനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എച്ച്) ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തീകരിച്ച് ജനങ്ങളുടെ പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) ശ്രീ. വി. പി. തുമതിക്ക്.

(ഇ) ഉണ്ട്.

(എഫ്) നബാർഡ് അസിസ്റ്റൻസ് ലഭിക്കുമെന്ന ഉറപ്പുള്ളതിനാൽ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതില്ല.

(ജി) പ്രസ്തുത റോഡു പണി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പണി നടത്താമെന്ന് ഉദ്ദേശിച്ചാണ് ടെണ്ടർ ചെയ്തത്. നബാർഡിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പണി ആരംഭിച്ചു കഴിഞ്ഞു ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്.

തിരുവമ്പാടി മങ്ങാംകടവ് റോഡിന്റെ പണി

87(522) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, കാരശ്ശേരി പഞ്ചായത്തിലെ തിരുവമ്പാടി-മങ്ങാംകടവ് റോഡിന്റെ പണി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട്, കാരശ്ശേരി പഞ്ചായത്തിലെ തിരുവമ്പാടി-മങ്ങാംകടവ് റോഡ് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്.

ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് സിറ്റ്സർവന്റുമായി പദ്ധതി

88(523) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ ഉൽപാദനത്തിനും വിപണനത്തിനുമായി സിറ്റ്സർവന്റ് ഗവൺമെന്റിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണ സാമഗ്രികളുടെ ഉൽപാദനത്തിനായുള്ള പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്ന് പ്രവർത്തനോൻമുഖമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായുള്ള സാങ്കേതിക സഹായം നൽകുന്നതിന് തീരുമാനമായിട്ടുണ്ടോ. എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വീട് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ നിർമ്മാണത്തിനും വിപണനത്തിനുമായുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന് നിർമ്മിതി കേന്ദ്രവുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly